എ.സി.ഡി.പി.ഒ. തസ്തിക പൂർണ്ണമായും ഐ.സി.ഡി.എസ്. സൂപ്പർ വൈസർമാരുടെ ഉദ്യോഗക്കയറ്റം മുഖേന നികത്തുന്നതിന് സംവരണം ചെയ്തിട്ടുണ്ട്.

(ബി) ഐ.സി.ഡി.എസ്. പദ്ധതിയുടെകീഴിൽ അങ്കണവാടിതലം മുതൽ പ്രവർത്തിച്ച് പരിചയംനേടിയ സൂപ്പർവൈസർമാരുടെ സേവനം ഉയർന്ന തസ്തികകളിലും ഉറപ്പാക്കുന്നതുവഴി കാര്യക്ഷമത വർദ്ധിപ്പിക്കാനാണ് ഭേദഗതി വരുത്തിയത്.

(സി) ഇതുസംബന്ധിച്ച് പ്രത്യേക കേന്ദ്ര നിർദ്ദേശങ്ങളൊന്നുമില്ല.

വികലാംഗരെ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്താൻ നടപടി

87 (537) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വികലാംഗരെ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതു സംബന്ധിച്ച നടപടികളുടെ വിശദവിവരം വെളിപ്പെടുത്തുമോ ;

(ബി) ഇതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയുടെ രൂപമെന്താണെന്ന് വിശദീകരിക്കുമോ ;

(സി) വികലാംഗരുടെ പ്രീമിയം അടയ്ക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം എന്താണെന്ന് വെളിപ്പെടുത്തുമോ ;

(ഡി) അവർക്ക് ഇതുമുഖേന ലഭിക്കുന്ന കവറേജിന്റെയും, ചികിത്സാ സേവനങ്ങളുടേയും വിശദവിവരം നൽകുമോ ;

(ഇ) എത്ര വികലാംഗർക്കാണ് സംസ്ഥാനമൊട്ടാകെ ഈ പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കുന്നത് ?

ഉത്തരം

(എ) സംസ്ഥാനത്തെ വികലാംഗരെ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ചേർക്കുന്നതിനുള്ള രജിസ്ട്രേഷൻ നടപടികൾ അക്ഷയ സെന്ററുകൾവഴി നടന്നുകഴിഞ്ഞു. ഇവരെ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള എൻറോൾമെന്റ് നടപടികൾ പുരോഗമിക്കുകയാണ്.

(ബി) സംസ്ഥാന സർക്കാർ ആവിഷ്ക്കരിച്ചു നടപ്പാക്കിവരുന്ന സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയി(ചിസ്)-ലാണ് വികലാംഗർ ഉൾക്കൊള്ളുന്ന കുടുബങ്ങളെക്കൂടി ഉൾപ്പെടുത്തിയിട്ടുള്ളത്.

(സി) അക്ഷയ കേന്ദ്രങ്ങൾവഴി രജിസ്റ്റർചെയ്തിട്ടുള്ള വികലാംഗർ ഉൾക്കൊള്ളുന്ന കുടുംബങ്ങളുടെ മുഴുവൻ പ്രീമിയവും സംസ്ഥാന സർക്കാരാണ് വഹിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഒരു കുടുംബത്തിലെ 5 പേർക്ക് പ്രതിവർഷം 30,000 രൂപയുടെ ചികിത്സാ സഹായം സി.എച്ച്.സി. മുതലുള്ള സർക്കാർ ആശുപത്രികളിലും (മെഡിക്കൽ കോളേജുകൾ ഉൾപ്പെടെ) തെരഞ്ഞെടുത്ത സ്വകാര്യ സഹകരണ ആശുപത്രികളിൽനിന്നും ഏപ്രിൽ ഒന്നു മുതൽ ഈ കുടുംബങ്ങൾക്ക് ലഭിക്കും. ഇതിനുപുറമെ ക്യാൻസർ ചികിത്സക്കും കിഡ്നി, ഹൃദയം എന്നിവയ്ക്കുണ്ടാകുന്ന അസുഖങ്ങളുടെ ചികിത്സക്കും സഹായത്തിനായി സംസ്ഥാന സർക്കാർ പുതുതായി ഏർപ്പെടുത്തിയ ചിസ്-പ്ലെസ് പദ്ധതിയുടെ ആനുകൂല്യവും ഈ കുടുംബങ്ങൾക്ക് ലഭിക്കും. ഇതുപ്രകാരം ഈ പദ്ധതിക്കായി തെരഞ്ഞെടുത്തിട്ടുള്ള ആശുപത്രികളിൽനിന്നും 70,000 രൂപയുടെ ചികിത്സാസൗജന്യമാണ് ലഭ്യമാകുക. ഇതിനെല്ലാംപുറമെ കുടുംബനാഥന്റെയോ, നാഥയുടെയോ അപകടമരണത്തിന് 50,000 രൂപയുടെയും, ഗുരുതര തീപ്പൊള്ളലിന്റെ ചികിത്സക്ക് 50,000 രൂപയുടെയും സഹായം യുണൈറ്റഡ് ഇന്ത്യ ഇൻഷ്വറൻസ് കമ്പനി നൽകുന്നതാണ്.

(ഇ) ഇതുവരെ 60761 വികലാംഗർ പദ്ധതിപ്രകാരം അംഗത്വം നേടുന്നതിനായ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

വികലാംഗർക്കായി സ്പെഷ്യൽ റിക്രൂട്ട്മെന്റ്

88 (538) ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് :
ശ്രീ. പി. ജയരാജൻ :
ശ്രീ. എ. സി. മൊയ്തീൻ :
ശ്രീ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ സർവ്വീസിൽ വികലാംഗരുടെ പ്രാതിനിദ്ധ്യക്കുറവ് പരിഹരിക്കാൻ സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ബി) ഈ സർക്കാർ വന്നശേഷം ക്ലാസ് 1, 2 തസ്തികകളിലേക്ക് വികലാംഗ സംവരണം ഏർപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

(സി) വികലാംഗർക്ക് അർഹമായ 2004 മുതലുള്ള എത്ര ഒഴിവുകളാണ് നികത്താനുള്ളത് ; വിവിധ ഗ്രേഡുകളിൽ എത്ര വീതമെന്ന് വെളിപ്പെടുത്തുമോ ;

(ഡി) വിവിധ വകുപ്പുകളിൽ ഒഴിവുള്ള വികലാംഗ സംവരണ തസ്തികകൾ റിപ്പോർട്ടു ചെയ്യുന്നതിന് വകുപ്പുതലവന്മാർക്ക് കർശന നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) ഉണ്ട്. 2004 മുതൽ 2007 വരെ വികലാംഗർക്ക് അർഹമായിട്ടുള്ള 3% ബാക്ക്ലോഗ് ഒഴിവുകൾ സ്പെഷ്യൽ റിക്രൂട്ട്മെന്റിലൂടെ നികത്തുവാൻ 24-1-2011-ലെ സ.ഉ.(പി.)7/11/സാ.ക്ഷേ.വ. പ്രകാരം ഉത്തരവായിട്ടുണ്ട്. ഓരോ വകുപ്പുകളിലും നിയമിക്കപ്പെടേണ്ട വികലാംഗ ഒഴിവുകൾ ബന്ധപ്പെട്ട വകുപ്പ് അദ്ധ്യക്ഷന്മാർ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ റിപ്പോർട്ട്ചെയ്യും.

LIBRARY ARCHIVES Kerala Legislative Assembly